# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1090 | | 30.09.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **ക്ഷേമപെൻഷൻ** | | | |
| **ചോദ്യം** | | **ഉത്തരം** | |
| ശ്രീ.പി.ടി.തോമസ്<br>ശ്രീ.വി.ടി.ബൽറാം | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | ഏതെല്ലാം പെൻഷൻ ഗുണഭോക്തൃലിസ്റ്റുകളാണ് ഗ്രാമസഭകളുടെ അംഗീകാരത്തോടെ തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ; | (എ) | 1. വാർദ്ധക്യകാല പെൻഷൻ<br>2. വിധവാ പെൻഷൻ<br>3. അംഗപരിമിതർക്കുള്ള പെൻഷൻ<br>4. 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ.<br>5. കർഷക തൊഴിലാളി പെൻഷൻ. |
| (ബി) | ഒരു വ്യക്തിക്ക് ഒരേ സമയം ഒന്നിൽ കൂടുതൽ ക്ഷേമ പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവി ച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (ബി) | സ.ഉ (സാധാ.)നം.282/2016/ധന. തീയതി 15.07.2016 പ്രകാരം ഒന്നിലധികം പെൻഷൻ ലഭിക്കുന്നതിനുള്ള അർഹത അംഗപരിമിതർക്കുള്ള പെൻഷൻ ഗുണഭോക്താക്കൾക്ക് മാത്രമായി അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി പരിമിതപ്പെടുത്തി ഉത്തരവായിട്ടുണ്ട്. കൂടാതെ സ.ഉ (സാധാ.)നം.324/2016/ധന. തീയതി 15.08.2016 പ്രകാരം ഇക്കാര്യത്തിൽ വിശദമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. അത് പ്രകാരം ഗുണഭോക്തൃ വിഹിതത്തിൽ നിന്ന് പെൻഷൻ അനുവദിക്കുന്ന ക്ഷേമ നിധി ബോർഡ് പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾക്ക് ഒരു സാമൂഹ്യ സുരക്ഷാ പെൻഷന് കൂടി അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ഇപ്രകാരം അനുവദിക്കുന്ന 3-ാമത്തെ പെൻഷൻ കേന്ദ്ര വിഹിതം ഉൾപ്പെടുന്നതാണെങ്കിൽ കേന്ദ്ര വിഹിതം മാത്രമേ ഗുണഭോക്താവിന് ലഭിക്കുകയുള്ളൂ. |
| (സി) | കേരളത്തിലെ ഏതെങ്കിലും ഗ്രാമസഭകൾ പെൻഷൻ സംബന്ധിച്ച കാര്യങ്ങൾ ഗ്രാമസഭയിൽ അവതരിപ്പിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം ഓരോ ഗ്രാമസഭകളുടെയും പേരിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (സി) | സംസ്ഥാനത്തെ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പെൻഷൻ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിക്കുന്നതിൽ വീഴ്ച വരുത്തിയതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപന ത്തിന്റെയും വിശദീകരണം പരിശോധിച്ച് നിയമാനുസൃതം തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ഡി) | പഞ്ചായത്ത് കമ്മിറ്റികളിൽ അംഗീകരിച്ച ശേഷവും ചില ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്തിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം | (ഡി) | പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം നടത്താത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | പഞ്ചായത്തുകൾക്ക് എതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | | |
| (ഇ) | പഞ്ചായത്ത് കമ്മിറ്റി തെരഞ്ഞെടുക്കാത്തവർക്ക് ക്ഷേമ പെൻഷനുകൾ വിതരണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ഇ) | പഞ്ചായത്ത് തെരഞ്ഞെടുക്കാത്തവർക്ക് പെൻഷൻ വിതരണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ